(7 pages) **Reg. No. : ..............................**

**Code No. : 12557** **Sub. Code : G 1 MY 41**

U.G. (CBCS) DEGREE EXAMINATION,
APRIL 2015.

Fourth Semester

Part I — Malayalam

SUBALTERN LITERATURE, FEMINIST LITERATURE AND ADVERTISEMENT

(For those who joined in July 2012 and afterwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ലോകത്തിലാദ്യമായി സ്ത്രീകൾ വോട്ടവകാശം നേടിയെടുത്തത് ഏതു വർഷം?

   (a) 1793 (b) 1753

   (c) 1893 (d) 1853

2. 'ദി ഫെമിനൈൻ മിസ്റ്റിക്' എന്ന കൃതി രചിച്ചതാര്?

   (a) ബെറ്റി ഫ്രൈദാൻ (b) ഒലിവ് ഫ്രൈനർ

   (c) ഇബ്സൻ (d) വെർജീനിയ വൂൾഫ്

3. മലയാളത്തിൽ 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?

   (a) സാറാ ജോസഫ് (b) മാധവിക്കുട്ടി

   (c) ജെ. ദേവിക (d) സച്ചിദാനന്ദൻ

4. 'സ്ത്രീ അവളായി പിറക്കുകയല്ല നിർമ്മിക്കപ്പെടുകയാണ്' - ആരാണ് ഇങ്ങനെ നിരീക്ഷിച്ചത്?

   (a) സിമോൺദ് ബൂവ്വ

   (b) ബെറ്റി ഫ്രൈദാൻ

   (c) സാറാ ജോസഫ്

   (d) ചന്ദ്രമതി

5. 'ദുരവസ്ഥ പിന്നെയും വന്നപ്പോൾ' എന്ന കഥ എഴുതിയതാര്?

   (a) എൻ. പ്രഭാകരൻ

   (b) കെ.എ. ബേബി

   (c) സി.എസ്. ചന്ദ്രിക

   (d) സി.വി. ശ്രീരാമൻ

6. 'സമ്പൂർണ്ണ ദലിത് നോവൽ' എന്ന വിശേഷണത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട നോവലാണ്

   (a) അയ്യങ്കാളിപ്പട

   (b) കറ്റയും കൊയ്ത്തും

   (c) ചാവൊലി

   (d) കൊച്ചരേത്തി

7. 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന പുസ്തകം രചിച്ചതാര്?

(a) കെ.കെ. ബാബുരാജ്

(b) കവിയൂർ മുരളി

(c) കെ.കെ. കൊച്ച്

(d) കല്ലേൻ പൊക്കുടൻ

8. 'ദലിത് നോവൽ' എന്ന് വിശേഷിപ്പിക്കാവുന്ന കൃതി ഏത്?

(a) അസുരവിത്ത്

(b) അയൽക്കാർ

(c) പറങ്കിമല

(d) കറ്റയും കൊയ്ത്തും

9. 'പരസ്യം' എന്ന ഗ്രന്ഥം രചിച്ചതാര്?

(a) കെ. ബാലകൃഷ്ണൻ

(b) എം.പി. പോൾ

(c) ജെ.വി. വിളനിലം

(d) സീതാരാമൻ

10. പരസ്യധർമ്മത്തിന് പ്രതികൂലമായിട്ടുള്ളതെന്ത്?

(a) ശ്രദ്ധയെ ആകർഷിക്കുക

(b) സത്യം മറച്ചുവെയ്ക്കുക

(c) താല്പര്യം ജനിപ്പിക്കുക

(d) വിശ്വാസം ജനിപ്പിക്കുക



## PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) പരസ്യം പാഴ്ച്ചെലവാണോ എന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) പരസ്യഭാഷയുടെ പ്രത്യേകതകൾ എടുത്തുകാട്ടുക.

12. (a) ദലിത് ജീവിതം ചിത്രീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു ചെറുകഥ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ദലിത് സാഹിത്യത്തിന് കവിയൂർ മുരളി നൽകിയ സംഭാവനകൾ വിലയിരുത്തുക.

13. (a) സാഹിത്യത്തെ ദലിത് സാഹിത്യം, ബ്രാഹ്മണസാഹിത്യം, ക്രിസ്ത്യൻ സാഹിത്യം എന്നിങ്ങനെ പല തരത്തിൽ വിഭജിക്കുന്നത് ശരിയാണോ? എന്തുകൊണ്ട്?

അല്ലെങ്കിൽ

(b) ദലിത് സാഹിത്യത്തിന്റെ പിറവിക്ക് പശ്ചാത്തലമായി വർത്തിച്ച സംഗതികൾ എന്തെല്ലാം?

14. (a) 'ദലിത് സാഹിത്യത്തിൽ ഏറ്റവും ശക്തമായ രചനകളുണ്ടായിട്ടുള്ളത് ആത്മകഥയിലാണ്' - ഈ പ്രസ്താവം മലയാളത്തെ സംബന്ധിച്ചിടത്തോളം ശരിയാണോ എന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ദലിത് കവിതകളെക്കുറിച്ച് ലഘുവിവരണം നൽകുക.

15. (a) മാർക്സിസ്റ്റ് ഫെമിനിസത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

PART C — (5 × 8 = 40 marks)

ഓരോന്നിനും 800 വാക്കിൽ കവിയാതെ അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) 'പരസ്യങ്ങൾ പലപ്പോഴും ജനങ്ങളെ വഴിതെറ്റിക്കാറുണ്ട്' - ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) പരസ്യകലയുടെ വളർച്ചയിൽ മാധ്യമങ്ങൾക്കുള്ള പങ്കെന്ത്? വിശദമാക്കുക.



17. (a) നാടൻപാട്ടുകളിലെ സ്ത്രീസ്വത്വാവിഷ്കരണത്തെക്കുറിച്ച് വിവരിക്കുക.

അല്ലെങ്കിൽ

(b) ദലിത് സാഹിത്യത്തിന് ടി.കെ.സി. വടുതല നൽകിയ സംഭാവനകൾ വിലയിരുത്തുക.

18. (a) ദലിത് സാഹിത്യം മലയാളത്തിൽ വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല എന്ന അഭിപ്രായം പരിശോധിക്കുക.

അല്ലെങ്കിൽ

(b) ദലിത് സാഹിത്യം ദലിതർ മാത്രം എഴുതിയാൽ മതി എന്ന് വ്യവസ്ഥപ്പെടുത്തുന്നത് ശരിയോ? ചർച്ചചെയ്യുക.

19. (a) കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) 'സ്ത്രീപക്ഷനാടകവേദി മലയാളത്തിൽ' - ഉപന്യസിക്കുക.

20. (a) ഫെമിനിസ്റ്റ് സാഹിത്യത്തിന് സാറാ ജോസഫ് നൽകിയ സംഭാവനകൾ വിലയിരുത്തുക.

അല്ലെങ്കിൽ

(b) സ്ത്രീരചനയുടെ സവിശേഷതകൾ എടുത്തുകാട്ടി ആ സവിശേഷതകൾ ഉൾക്കൊള്ളുന്ന ചെറുകഥകൾ മലയാളത്തിൽ ഉണ്ടോ എന്ന് നിരീക്ഷിക്കുക.

---